പതിമൂന്നാം കേരള നിയമ സഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 635 — 8.3.2012 ൽ മറുപടിക്ക്

## നിരോധിത മരുന്നുകളുടെ വിൽപ്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ലോകാരോഗ്യ സംഘടന നിരോധിച്ചതും, പല വികസിത രാജ്യങ്ങളും ഇപ്പോൾ ഉപയോഗിക്കാത്തതുമായ മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലോകാരോഗ്യ സംഘടന നിരോധിച്ച പല മരുന്നുകളും നമ്മുടെ രാജ്യത്ത് നിരോധിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സംസ്ഥാനത്ത് വിപണനം ചെയ്യാവുന്നതാണ്. |
| (ബി) ഇത്തരം നിരോധിത മരുന്നുകൾ കണ്ടുപിടിക്കുന്നതിന് ആരോഗ്യവകുപ്പിന് എന്തു സംവിധാനമാണ് നിലവിലുള്ളത് ; | (ബി)നിരോധിത മരുന്നുകൾ വിപണനം ചെയ്യുന്നില്ലാ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ മെഡിക്കൽ ഷോപ്പുകൾ പരിശോധിച്ച് ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) നിരോധിത മരുന്നുകളും കാലഹരണപ്പെട്ട മരുന്നുകളും വിൽപ്പന നടത്തുന്ന ഏജൻസികളുടേയും വിൽപ്പനക്കാരുടേയും ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) നിരോധിത മരുന്നുകളും കാലഹരണപ്പെട്ട മരുന്നുകളും വിൽപ്പന നടത്തുന്ന ഏജൻസികളുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ